## സിമ്പോസിയം

# സർക്കാർ കമീഷനെ നിയമിക്കണം

**പി. മുഹമ്മദ് കുട്ടശ്ശേരി**

ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമം മാറ്റുന്നതു സംബന്ധിച്ചു മുസ്‌ലിംകളുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ടു സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ഒരു കമീഷനെ നിയമിക്കണം. കമീഷനിൽ മുസ്‌ലിംലീഗ്, ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തുൽ ഉലമാ ഹിന്ദ്, അഹ്‌ലെ ഹദീസ് (കേരളത്തിലെ നദ്‌വത്തുൽ മുജാഹിദീനും ഇതിൽ ഉൾപ്പെടും), സുന്നി, ശീഈ, മറ്റു മുസ്‌ലിം മത, രാഷ്ട്രീയ, വിദ്യാഭ്യാസ സേവന സംഘടനകൾ തുടങ്ങിയവയുടെയും, ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമാ, ദാറുൽ ഉലൂം ദയൂബന്ദ്, ജാമിഅ സലഫിയ്യ ബനാറസ്, അലീഗഢ് മുസ്‌ലിം യൂനിവേഴ്‌സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെയും പ്രതിനിധികളും ഇന്ത്യയിലെ പ്രഗത്ഭരായ മതപണ്ഡിതന്മാർ, മുസ്‌ലിം നിയമജ്ഞന്മാർ, മുസ്‌ലിം പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവരും അംഗങ്ങളായിരിക്കണം. കമീഷൻ എല്ലാ സംസ്ഥാനങ്ങളും സന്ദർശിച്ചു മുസ്‌ലിംകൾക്കു വ്യക്തിപരമായും സംഘടനാ തലത്തിലും ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്താൻ അവസരം സൃഷ്ടിക്കുക. ഇതിലേക്കായി വിഷയത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ഒരു ചോദ്യാവലി തയാറാക്കണം. ഒന്നാമത്തെ ചോദ്യം മുസ്‌ലിം വ്യക്തിനിയമം യാതൊരു മാറ്റവും കൂടാതെ ഇന്നത്തെ അതേ രൂപത്തിൽ തന്നെ തുടരണമെന്നാണോ അഭിപ്രായം എന്നതായിരിക്കണം. കേന്ദ്ര സർക്കാർ ഈ കമീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യക്തിനിയമം ഭേദഗതി ചെയ്യുന്നതു സംബന്ധിച്ചു നടപടിക്രമങ്ങൾ സ്വീകരിക്കുക.

ഇത്തരം ഒരു കമീഷൻ നിലവിൽ വരികയാണെങ്കിൽ അതിന്റെ മുമ്പിൽ ഞാൻ സമർപ്പിക്കുന്ന ചില നിർദേശങ്ങൾ താഴെ പറയുന്നവയായിരിക്കും.

1. നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമമനുസരിച്ചു 'ഞാൻ മുസ്‌ലിം ആകുന്നു'വെന്നു അവകാശപ്പെടുന്ന ഏതൊരാളും മുസ്‌ലിം ആയി ഗണിക്കപ്പെടും. അല്ലാഹുവിനെയും, മതത്തെയും പ്രവാചകനെയും, പരലോക ജീവിതത്തെയും നിഷേധിക്കുക മാത്രമല്ല, ഇസ്‌ലാമിനെ പരസ്യമായി എതിർക്കുക കൂടി ചെയ്യുന്ന മാർക്സിസ്റ്റുകളും യുക്തിവാദികളും മുസ്‌ലിമായ മാതാപിതാക്കൾക്കു ജനിച്ചവരായതുകൊണ്ട് മുസ്‌ലിം വ്യക്തിനിയമമനുസരിച്ചു മുസ്‌ലിംകളും അവരുടെ എല്ലാ അവകാശങ്ങൾക്കും അർഹരുമാണ്. ഈ നിയമം ഭേദഗതി ചെയ്യുകതന്നെ വേണം. അല്ലാഹുവിനെയും മുഹമ്മദ് നബിയുടെ പ്രവാചകത്വത്തെയും വിശുദ്ധ ഖുർആൻ ദൈവിക ഗ്രന്ഥമാണെന്ന സത്യത്തെയും നിഷേധിക്കുന്ന മാർക്സിസ്റ്റുകളും 'യുക്തിവാദി' പ്രസ്ഥാനക്കാരും മറ്റു നിരീശ്വര നിർമതവാദികളും മുസ്‌ലിംകളായി ഗണിക്കപ്പെടാവതല്ല. അവർക്ക് മുസ്‌ലിംകളുമായി വിവാഹബന്ധം പാടില്ല; സ്വത്തവകാശമുണ്ടായിക്കൂടാ; അവർ മരണപ്പെട്ടാൽ മുസ്‌ലിം ശ്മശാനങ്ങളിൽ മറമാടാനും പാടില്ല.

2. അഞ്ചു നേരത്തെ നമസ്കാരവും ജുമുഅയും തീരെ ഉപേക്ഷിക്കുന്നവർ കാഫിറായതിനാൽ അവർ മുസ്‌ലിംകളുടെ അവകാശങ്ങൾക്കർഹരാവുകയില്ല.

3. ശാഫിഈ, ഹനഫി, ഹമ്പലി, മാലികി തുടങ്ങിയ ഏതെങ്കിലും ഒരു മദ്ഹബ് സ്വീകരിക്കാതെ ഖുർആനും ഹദീസും ജീവിത പ്രമാണമായി അംഗീകരിച്ചു ജീവിക്കുന്ന മുസ്‌ലിംകൾക്ക് അവരുടെ അവകാശങ്ങൾ നേടാൻ വ്യവസ്ഥയുണ്ടായിരിക്കണം.

4. പ്രായപൂർത്തിയെത്താത്ത ബാലികയെ വിവാഹം കഴിക്കുന്നത് അവളുടെ താൽപര്യ സംരക്ഷണത്തിന് അനിവാര്യമാണെന്നു കാണുന്ന സന്ദർഭത്തിൽ മാത്രം അതനുവദിക്കുക.

5. താഴെ പറയുന്നതോ അതുപോലുള്ളതോ ആയ അനിവാര്യസന്ദർഭങ്ങളിൽ മാത്രം ബഹുഭാര്യത്വം അനുവദിക്കുക:

a) നിലവിലുള്ള ഭാര്യ പുരുഷന്റെ പ്രകൃതിപരമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ അശക്തയാവുക.

b) ഭാര്യക്കു സന്താനോൽപാദന ശേഷിയില്ലാതിരിക്കുക.

c) ഭാര്യക്കു മാറാരോഗമോ മാനസിക തകരാറോ അംഗവൈകല്യമോ, ഗൃഹഭരണവും ദാമ്പത്യപരമായ ഉത്തരവാദിത്വങ്ങളും നിർവഹിക്കാൻ പറ്റാത്ത വിധത്തിലുള്ള മറ്റെന്തെങ്കിലും കുഴപ്പമോ ഉണ്ടാവുക.

d) പുരുഷൻ ദീർഘകാലം ഭാര്യയിൽനിന്നകന്ന് വിദൂര സ്ഥലത്ത് ജീവിക്കാൻ നിർബന്ധിതനാവുക.

e) ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കുന്നത് സാമൂഹികാവശ്യമായിത്തീരുക.

f) ഒരു സ്ത്രീയെ സംരക്ഷിക്കാൻ അവളെ വിവാഹം കഴിക്കുന്നത് അനിവാര്യമാവുക.

6. ബഹുഭാര്യത്വം സ്വീകരിച്ച പുരുഷനിൽനിന്ന് ആദ്യഭാര്യക്കു പൂർണമായ നീതി ലഭിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഏർപ്പെടുത്തുക.

7. കോടതിയുടെ സമ്മതം കൂടാതെ വിവാഹമോചനം അനുവദിക്കുന്നതല്ല. വിവാഹമോചനം ആഗ്രഹിക്കുന്ന പുരുഷൻ അതിനുള്ള കാരണങ്ങൾ കാണിച്ചുകൊണ്ട് അനുമതിക്കായി കോടതിയിൽ അപേക്ഷ സമർപ്പിക്കുക. കോടതി ദമ്പതിമാർക്കിടയിൽ രഞ്ജിപ്പുണ്ടാക്കാൻ ഒരു അനുരഞ്ജന കമീഷനെ നിയമിക്കുക. രഞ്ജിപ്പുശ്രമം പരാജയപ്പെടുമ്പോൾ

മാത്രം വിവാഹമോചനത്തിനു അനുമതി നൽകുക.

8. വിവാഹ മോചനം ആഗ്രഹിക്കുന്ന സ്ത്രീകളും കോടതിയിൽ അപേക്ഷ സമർപ്പിക്കുകയും, അനുരഞ്ജന ശ്രമം വിജയിച്ചില്ലെങ്കിൽ മാത്രം കോടതി പുരുഷനിൽനിന്ന് സ്ത്രീക്ക് ത്വലാഖ് വാങ്ങിക്കൊടുക്കുകയും വേണം.

9. മുസ്‌ലിം വിവാഹക്കേസുകൾക്കു വേഗത്തിൽ കോടതിയെ സമീപിക്കാനും അവയിൽ കാലതാമസം കൂടാതെ തീർപ്പു കൽപിക്കാനും പ്രത്യേകം സംവിധാനമുണ്ടായിരിക്കുക.

10. പിതാവ് ജീവിച്ചിരിക്കെ മകൻ മരണപ്പെടുകയും മകന് ഭാര്യയും കുട്ടികളുമുണ്ടാവുകയും ചെയ്യുമ്പോൾ മകന് അവകാശപ്പെട്ട ഓഹരി അയാളുടെ അവകാശികൾക്കു ലഭിക്കത്തക്കവിധം പിതാവ് സ്വത്ത് വസിയ്യത്ത് ചെയ്യൽ നിർബന്ധമാക്കുക.

11. വഖ്ഫ് സ്വത്തുക്കളെ സംബന്ധിച്ചേടത്തോളം വാഖിഫിന്റെ പരമമായ ഉദ്ദേശം നിറവേറാൻ വഖ്ഫ് ആധാരങ്ങളിൽ നിർണയിച്ചിട്ടുള്ളതല്ലാത്ത മറ്റു മാർഗരോഗങ്ങൾക്കു അതുപയോഗിക്കുന്നതാണ്. ഉത്തമമെന്നു മുതവല്ലിക്കു ബോധ്യമായാൽ അങ്ങനെ ചെയ്യുന്നതിനു അനുമതിയുണ്ടായിരിക്കണം.

12. ശരീഅത്തു നിയമം വിവാഹം, വിവാഹമോചനം, വഖ്ഫ്, സ്വത്തവകാശം എന്നിവക്കു പുറമെ ശിക്ഷാ നടപടികൾക്കും ബാധകമാക്കണം.

a) ദമ്പതിമാരല്ലാത്തവർ തമ്മിൽ ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടതായി സ്വയം സമ്മതിക്കുകയോ തെളിയിക്കപ്പെടുകയോ ചെയ്താൽ അവരെ പരസ്യമായി നൂറടി അടിക്കുക.

b) മുസ്‌ലിം പുരുഷനോ സ്ത്രീയോ പ്രതിയായുള്ള ഗുരുതരമായ മോഷണക്കേസ്സിൽ കുറ്റം തെളിഞ്ഞാൽ കുറ്റവാളിയുടെ കൈപത്തി ഛേദിക്കുക.

c) മുസ്‌ലിം മദ്യപിച്ചാൽ അവനു യുക്തമായ പ്രഹരശിക്ഷ വിധിക്കുക.

13. വഖ്ഫ് ബോർഡിന്റെ കീഴിൽ ഒരു സകാത്ത് വകുപ്പ് ഏർപ്പെടുത്തുക. ■